ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 28-04-2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമ ബംഗാളിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ; സംസ്ഥാനത്ത് കർശന സുരക്ഷാ ക്രമീകരണം.

   **Second phase of assembly elections in West Bengal to be held tomorrow; Tight security arrangements in the state.**

2. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനത്തിന് ഇന്ന് തുടക്കം; വിവിധ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

   **Prime Minister Narendra Modi will be on a two-day visit to Uttar Pradesh beginning today. The Prime Minister will inaugurate various development projects.**

3. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് കിർഗിസ്ഥാനിലെ ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും.

   **Defence Minister Rajnath Singh will attend the Shanghai Cooperation Organisation (SCO) Defence Ministers' Meeting in Bishkek, Kyrgyzstan today.**

4. രാജ്യത്ത് ഉഷ്ണതരംഗ സാഹചര്യങ്ങൾ കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ഉർജിതമാക്കണമെന്ന് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും

നിർദേശം നൽകി കേന്ദ്ര സർക്കാർ; കേരളത്തിലും കനത്ത ചൂട് തുടരുന്നു.

**The Ministry of Health and Family Welfare has urged States and Union Territories to strengthen preparedness in view of heatwave conditions in the country. Scorching heat continues in Kerala.**

5. റഷ്യയുമായി നടത്തിയ ചർച്ചയ്ക്ക് പിന്നാലെ ഹോർമുസ് കടലിടുക്ക് തുറക്കാൻ സന്നദ്ധത പ്രകടിപ്പിച്ച് ഇറാൻ.

**Iran offered to open Strait of Hormuz after talks with Russia.**

6. ഐ.പി.എൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിന് 9 വിക്കറ്റിന് ജയം.

**In IPL Cricket, Royal Challengers Bengaluru defeated Delhi Capitals by 9 wickets.**

******************************

## PREZ-HP VISIT

അഞ്ച് ദിവസത്തെ സന്ദർശനത്തിനായി ഹിമാചൽ പ്രദേശിൻ എത്തിയ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ഷിംലയിലെ ലോക് ഭവനിൽ ഗവർണർ ഒരുക്കുന്ന പ്രത്യേക വിരുന്നിൽ പങ്കെടുക്കും. നാളെ അടൽ ടണൽ സന്ദർശിക്കുന്ന രാഷ്ട്രപതി ബോർഡർ റോഡ്സ് ഓർഗനൈസേഷൻ ഉദ്യോഗസ്ഥരുമായി സംവദിക്കും. പാലംപൂരിൽ ഹിമാചൽ പ്രദേശ് കൃഷി വിശ്വവിദ്യാലയത്തിന്റെ ബിരുദദാന ചടങ്ങിലും രാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. സന്ദർശനത്തിൻറെ അവസാന ദിവസം ഷിംലയിലെ ആർമി ട്രെയിനിംഗ് കമാൻഡിലും രാഷ്ട്രപതി സന്ദർശനം നടത്തും.

******************************

## PM – VARANASI VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ രണ്ട് ദിവസത്തെ ഉത്തർപ്രദേശ് സന്ദർശനം ഇന്നാരംഭിക്കും. വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിക്കും. ഉത്തർപ്രദേശ്, മധ്യപ്രദേശ്, മഹാരാഷ്ട്ര എന്നിവിടങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന രണ്ട് പുതിയ അമൃത് ഭാരത് എക്സ്പ്രസ് ട്രെയിനുകളും ശ്രീ.മോദി ഫ്ലാഗ് ഓഫ് ചെയ്യും.

*******************************

## INDIA NEW ZEALAND FTA (INTRO)

ഇന്ത്യാ-ന്യൂസിലൻഡ് സ്വതന്ത്ര വ്യാപാര കരാറിൽ ഇരുരാജ്യങ്ങളും ഒപ്പുവച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ, കേന്ദ്ര വാണിജ്യ മന്ത്രി പിയൂഷ് ഗോയൽ, ന്യൂസിലൻഡ് വ്യാപാര മന്ത്രി ടോഡ് മക്ലേ എന്നിവരുടെ നേതൃത്വത്തിലാണ് കരാർ ഒപ്പുവെച്ചത്. വിവിധ മേഖലകളിലെ ഇന്ത്യൻ കയറ്റുമതികളുടെ തീരുവ പൂർണമായും ഒഴിവാക്കാൻ സ്വതന്ത്ര വ്യാപാര കരാർ വ്യവസ്ഥ ചെയ്യുന്നു. വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, പരമ്പരാഗത വൈദ്യം, നിക്ഷേപം ഉൾപ്പെടെയുള്ള മേഖലകൾക്ക് കരാർ ഗുണകരമാകും. ക്ഷീരോത്പാദനം, കൃഷി, ആഭരണ വ്യാപാരം തുടങ്ങിയ മേഖലകളിൽ ഇന്ത്യൻ താത്പര്യങ്ങൾ സംരക്ഷിച്ചു കൊണ്ടാണ് കരാറിൽ ഒപ്പുവച്ചിരിക്കുന്നത്. ഇന്ത്യയ്ക്കും ന്യൂസിലൻഡിനുമിടയിലെ സാമ്പത്തിക പങ്കാളിത്തം ശക്തിപ്പെടുത്താൻ കരാർ സഹായിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി വ്യക്തമാക്കി. കരാർ ഇരു രാജ്യങ്ങൾക്കുമിടയിലെ പരസ്പര വിശ്വാസത്തിൻറെ തെളിവാണെന്നും, ഉഭയകക്ഷി വ്യാപാരം ഇരട്ടിയാക്കാൻ ഇത് സഹായിക്കുമെന്നും ശ്രീ പീയൂഷ് ഗോയൽ പറഞ്ഞു.

(വോയിസ്)

*******************************

## WB – CAMPAIGNING

പശ്ചിമ ബംഗാളിൽ രണ്ടാംഘട്ട നിയമസഭാ തിരഞ്ഞെടുപ്പ് നാളെ. 142 മണ്ഡലങ്ങളിലാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. പരസ്യ പ്രചാരണം ഇന്നലെ അവസാനിച്ചതിനാൽ ഇനിയുള്ള മണിക്കൂറുകളിൽ, നിശബ്ദ പ്രചാരണമായിരിക്കും. രണ്ടാം ഘട്ട വോട്ടെടുപ്പിനായി കർശന സുരക്ഷാ ക്രമീകരണങ്ങൾ

സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്.

*******************************

## VOTE COUNTING – TRAINING

കേരളത്തിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ജോലിക്കായുള്ള ഉദ്യോഗസ്ഥരുടെ ആദ്യ ഘട്ട റാൻഡമൈസേഷൻ പൂർത്തിയായി. അതോടൊപ്പം വോട്ടെണ്ണലിന്റെ ഭാഗമായി വിവിധ ജില്ലകളിലെ ഉദ്യോഗസ്ഥന്മാർക്കുള്ള ആദ്യഘട്ട പരിശീലന പരിപാടി ഇന്ന് ആരംഭിക്കും. കേരളം ഉൾപ്പടെ തിരഞ്ഞടുപ്പ് നടന്ന സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും മെയ് നാലിനാണ് വോട്ടെണ്ണൽ.

*******************************

## RAJNATH-SCO MEETING

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് കിർഗിസ്ഥാനിലെ ബിഷ്കെക്കിൽ നടക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കും. ലോകത്ത് സുരക്ഷാ വെല്ലുവിളികൾ നിലനിൽക്കുന്ന സാഹചര്യത്തിലും ആഗോള സമാധാനത്തിനായുള്ള ഇന്ത്യയുടെ

പ്രതിബദ്ധതയും തീവ്രവാദത്തിനെതിരായ സുസ്ഥിര നിലപാടും യോഗത്തിൽ വ്യക്തമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. മറ്റ് എസ്.സി.ഒ അംഗരാജ്യങ്ങളുമായും ബിഷ്കെക്കിലെ ഇന്ത്യൻ സമൂഹവുമായും ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്നും അദ്ദേഹം അറിയിച്ചു.

*******************************

## HEATWAVE PREPAREDNESS

രാജ്യത്ത് ഉഷ്ണതരംഗ സാഹചര്യങ്ങൾ കണക്കിലെടുത്ത് മുന്നൊരുക്കങ്ങൾ ഉർജ്ജിതമാക്കണമെന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാനങ്ങളോടും കേന്ദ്രഭരണ പ്രദേശങ്ങളോടും ആവശ്യപ്പെട്ടു. ഇന്ത്യയുടെ കിഴക്കൻ, മധ്യ, വടക്ക്-പടിഞ്ഞാറൻ ഭാഗങ്ങളിലും തെക്ക്-കിഴക്കൻ ഉപദ്വീപിലും ജൂൺ വരെ സാധാരണയിൽ കൂടുതൽ ഉഷ്ണതരംഗ ദിനങ്ങൾക്ക് സാധ്യതയുണ്ടെന്ന് ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സെക്രട്ടറി പുണ്യ സലീല ശ്രീവാസ്തവ, സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും ചീഫ് സെക്രട്ടറിമാർക്ക് എഴുതിയ കത്തിൽ പറഞ്ഞു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിലാണ് മുന്നറിയിപ്പ് നൽകിയത്.

*******************************

## HEAT KERALA

കേരളത്തിൽ കനത്ത ചൂട് തുടരുന്നു. പാലക്കാട്, കൊല്ലം ജില്ലകളിലാണ് ഏറ്റവും ഊയർന്ന താപനില രേഖപ്പെടുത്തുന്നത്. മറ്റ് ജില്ലകളിലും താപനില സാധാരണയേക്കാൾ മൂന്ന് മുതൽ നാല് ഡിഗ്രി സെൽഷ്യസ് വരെ ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. വിവിധ ജില്ലകളിൽ ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്കും സാധ്യതയുണ്ട്. ഇന്ന് മുതൽ വിവിധയിടങ്ങളിൽ മഴ ശക്തമാവും.

പത്തനംതിട്ടയിലും ഇടുക്കിയിലും നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

******************************

## MANGALA DEVI FESTIVAL

ഈമാസം 30, മെയ് 1 തീയതികളിൽ ഇടുക്കി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ ശക്തമായ മഴക്കും ഇടിമിന്നലിനും സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചിട്ടുള്ളതിനാൽ മെയ് 1 ന് നടക്കുന്ന മംഗളാദേവി ക്ഷേത്രത്തിലെ ചിത്രാ പൗർണമി ഉത്സവത്തിന് എത്തുന്ന ഭക്തർ ജാഗ്രത പാലിക്കണമെന്ന് ജില്ലാ കളക്ടർ. കൂടുതലും ഉച്ച തിരിഞ്ഞാണ് മഴയും ഇടിമിന്നലും ഉണ്ടാകാൻ സാധ്യത എന്നതിനാൽ പരമാവധി ഭക്തർ ഉച്ചയ്ക്ക് മുൻപ് ക്ഷേത്ര ദർശനം നടത്തി തിരിച്ചു പോകേണ്ടതാണെന്നും കളക്ടർ നിർദ്ദേശിച്ചു.

******************************

## GOVT-WEST ASIA BRIEFING

പശ്ചിമേഷ്യൻ പ്രതിസന്ധിക്കിടയിലും, രാജ്യത്ത് ജൈവ-രാസവള വിതരണം സുഗമമായി തുടരുന്നതായി കേന്ദ്ര സർക്കാർ. രാജ്യത്തെവിടെയും ഇതുവരെ വളക്ഷാമം റിപ്പോർട്ട് ചെയ്തിട്ടില്ലെന്നും കേന്ദ്ര വളം വകുപ്പ് അഡീഷണൽ സെക്രട്ടറി അപർണ ശർമ അറിയിച്ചു. യൂറിയ, ഡി.എ.പി തുടങ്ങിയവ മതിയായ തോതിൽ ഉറപ്പാക്കിയതായും അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ അവർ വ്യക്തമാക്കി. രാജ്യത്ത് എൽ.പി.ജി വിതരണത്തിൽ യാതൊരു പ്രതിസന്ധിയും നേരിടുന്നില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

******************************

## IRAN-STRAIT OF HORMUZ (INTRO)

ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരാഗ്ച്ചി, റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനും വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി നടത്തിയ കൂടിക്കാഴ്ചയ്ക്കു പിന്നാലെ ഹോർമുസ് കടലിടുക്ക് തുറക്കാൻ ഇറാൻ സന്നദ്ധത അറിയിച്ചു. യുദ്ധ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ അമേരിക്ക

പരാജയപ്പെട്ടുവെന്നും ദുർബലമായ സാഹചര്യത്തിൽ നിന്നാണ് ചർച്ചകൾ നടത്താൻ അവർ ശ്രമിക്കുന്നതെന്നും അരാഗ്ച്ചി പറഞ്ഞു. പശ്ചിമേഷ്യയിൽ സമാധാനം പുനഃസ്ഥാപിക്കാൻ പരമാവധി ശ്രമിക്കുമെന്ന് റഷ്യൻ പ്രഡിഡന്റ് വ്ളാഡിമിർ പുടിനും ഉറപ്പു നൽകി.
**വിശദംശങ്ങളിലേക്ക്.......**

( വോയ്സ്)

*******************************

## IRAN-STRAIT OF HORMUZ (VOICE)

ആണവ ചർച്ചകളുമായി ബന്ധിപ്പിക്കാതെ ഹോർമുസ് കടലിടുക്ക് വീണ്ടും തുറക്കാൻ സന്നദ്ധത അറിയിച്ചു കൊണ്ട് ഇറാൻ, നയതന്ത്ര ശ്രമങ്ങൾ വിപുലീകരിക്കുകയാണ്. ഏകദേശം 20,000 നാവികർ സംഘർഷ മേഖലയിൽ കുടുങ്ങിക്കിടക്കുകയാണെന്ന് ഇന്റർനാഷണൽ മാരിടൈം ഓർഗനൈസേഷൻ പറയുന്നു. ആഗോള വ്യാപാരം സംരക്ഷിക്കുന്നതിനായി കടലിടുക്ക് ഉടൻ തുറക്കണമെന്ന് യു.എൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് എല്ലാ കക്ഷികളോടും അഭ്യർത്ഥിച്ചു. അതേസമയം അമേരിക്കയുടെ സമീപനത്തെ ജർമ്മൻ ചാൻസലർ ഫ്രെഡറിക് മെർസ് വിമർശിച്ചു. വ്യക്തമായ ഒരു എക്സിറ്റ് പ്ലാൻ ഇല്ലാതെയാണ് അമേരിക്ക സംഘർഷത്തിൽ പ്രവേശിച്ചതെന്നും ഇപ്പോൾ അതിന്റെ വില നൽകുകയാണെന്നും ഫ്രെഡറിക് മെർസ് കുറ്റപ്പെടുത്തി. ആഗോള എണ്ണ വിതരണത്തിന്റെ അഞ്ചിലൊന്ന് കൊണ്ടുപോകുന്നതിനുള്ള നിർണായക ജലപാതയായ

ഹോർമുസ് കടലിടുക്കിലുണ്ടായ പ്രതിസന്ധി ലോകത്തെ ഏറ്റവും വലിയ ആശങ്കയായി മാറിയിരിക്കുകയാണ്.

**ന്യൂസ് ഡെസ്ക്, ആകാശവാണി.......**

*******************************

## WORLD DAY FOR SAFETY AND HEALTH AT WORK

ഇന്ന് ലോക തൊഴിൽ സുരക്ഷ - ആരോഗ്യ, ദിനം. ജോലി സംബന്ധമായ അപകടങ്ങളും രോഗങ്ങളും തടയുക , അവബോധം വളർത്തുക , അനുകൂലമായ സുരക്ഷാ സംസ്കാരം വളർത്തുക എന്നിവ ലക്ഷ്യമിട്ടാണ് ദിനം ആചരിക്കുന്നത്. ജോലിസ്ഥലത്ത് അപകടങ്ങളും രോഗങ്ങളും തടയുന്നതിന് ഊന്നൽ നൽകുന്നതിനായി 2003 ലാണ് അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ നേതൃത്വത്തിൽ ഈ ദിനം ആചരിക്കാൻ തുടങ്ങിയത്. "മികച്ച മാനസിക സാമൂഹിക തൊഴിൽ അന്തരീക്ഷങ്ങൾ, മികവുറ്റ തൊഴിലാളികൾക്കും ശക്തമായ സംഘടനയ്ക്കും വഴിയൊരുക്കുന്നു " എന്നതാണ് ഈ വർഷത്തെ പ്രമേയം.

*******************************

## LADAKH NEW DISTRICTS

കേന്ദ്രഭരണ പ്രദേശമായ ലഡാക്കിൽ അഞ്ച് പുതിയ ജില്ലകൾ സൃഷ്ടിക്കുന്നതിന് ലഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേന അംഗീകാരം നൽകി. ഇതോടെ ലഡാക്കിൽ ആകെ ജില്ലകളുടെ എണ്ണം ഏഴായി. നേരത്തെ, ലഡാക്കിൽ ലേ, കാർഗിൽ എന്നീ രണ്ട് ജില്ലകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഈ തീരുമാനം ലഡാക്ക് മേഖലയിലെ ജനങ്ങളുടെ ദീർഘകാലമായുള്ള ആവശ്യവും അഭിലാഷങ്ങളും നിറവേറ്റുന്നുവെന്ന് ലെഫ്റ്റനന്റ് ഗവർണർ അഭിപ്രായപ്പെട്ടു.

******************************

## IPL CRICKET

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്നലെ ഡൽഹിയിൽ നടന്ന മത്സരത്തിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു 9 വിക്കറ്റിന് ഡൽഹി ക്യാപിറ്റൽസിനെ പരാജയപ്പെടുത്തി. ഇന്നത്തെ മത്സരത്തിൽ പഞ്ചാബ് കിംഗ്സ് രാജസ്ഥാൻ റോയൽസിനെ നേരിടും. ന്യൂ ചണ്ഡീഗഡിലെ മുല്ലൻപൂരിൽ വൈകുന്നേരം 07.30 നാണ് മത്സരം.

******************************

## MUNDATHIKODE

മുണ്ടത്തിക്കോട് വെടിക്കെട്ട് അപകടവുമായി ബന്ധപ്പെട്ട് സംഭവസ്ഥലത്തു നിന്ന് കണ്ടെത്തിയ ശരീരഭാഗങ്ങൾ ഡിഎൻഎ പരിശോധനാഫലത്തിൻ്റെ അടിസ്ഥാനത്തിൽ ബന്ധുക്കൾക്ക് വിട്ടുനൽകാൻ തീരുമാനിച്ചു. മരിച്ചവരുടെ ബന്ധുക്കളുമായി ജില്ലാകളക്ടർ മീറ്റിംഗ് നടത്തി വിവരങ്ങൾ നേരിട്ട് ബോധ്യപ്പെടുത്തിയ ശേഷമാണ് നടപടി. അതേസമയം അപകടത്തിൽ മരിച്ചവരുടെ എണ്ണം 17 ആയി. ചികിത്സയിലായിരുന്ന രണ്ട് പേർ കൂടി കഴിഞ്ഞ ദിവസം മരണത്തിന് കീഴടങ്ങിയിരുന്നു.

**************************************************************
******************************